"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- സൈനിക സേവനത്തിനിടെ വടക്കൻ സിക്കിമിൽ വച്ച് മരണപ്പെട്ട നായിക് വൈശാഖ് എസ് -ന്റെ ഭാര്യ ശ്രീമതി ഗീത ആർ-ന് പാലക്കാട് ജില്ലയിൽ ക്ലർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.28/2023/SWD തീയതി,തിരുവനന്തപുരം, 22-11-2023

---

പരാമർശം:- 1. ശ്രീമതി ഗീത ആർ -ന്റെ 14.06.2023 ലെ അപേക്ഷ.

2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 20.10.2023 ലെ ഡി.എസ്.ഡബ്ല്യൂ/384/2023-സി2 നമ്പർ കത്ത്.

**ഉത്തരവ്**

1. സൈനിക സേവനത്തിലിരിക്കുന്ന ജവാന്മാരോ, മിലിട്ടറിയുമായി അറ്റാച്ചായിരിക്കുന്ന GREF ജവാന്മാരോ ഓപ്പറേഷണൽ ഏര്യായിലോ/ഫീൽഡ് ഏര്യയിലോ വച്ച് ഹൈ ആൾറ്റിറ്റ്യൂഡ് കാരണമോ, മോശമായ കാലാവസ്ഥ മൂലമോ, ഓപ്പറേഷണൽ ഏര്യായിലോ/ഫീൽഡ് ഏര്യയ്ക്കുള്ളിലോ വച്ചുണ്ടാകുന്ന മൈൻ സ്ഫോടനത്തിലോ, കെണിയിൽപ്പെട്ടോ, വാഹനാപകടത്തിലോ കൊല്ലപ്പെടുകയോ/അംഗഭംഗം സംഭവിക്കുകയോ/കാണാതാകുകയോ ചെയ്യുന്ന സാഹചര്യത്തിൽ 29.04.2002 ലെ സ.ഉ(പി)110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ജവാന്റെ ഒരു ആശ്രിതന്/ആശ്രിതയ്ക്ക് സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലാസ്സ് III/IV കാറ്റഗറിയിലെ താഴ്ന്ന ഗ്രേഡിൽ തൊഴിൽ സഹായം ലഭിക്കുന്നതിന് അർഹതയുണ്ട്.

2. സൈനിക സേവനത്തിനിടെ 23.12.2022 ൽ വടക്കൻ സിക്കിമിൽ വച്ച് മരണപ്പെട്ട വൈശാഖ് എസ് -ന്റെ ഭാര്യ ശ്രീമതി ഗീത ആർ പ്രസ്തുത ഉത്തരവിൻപ്രകാരം തൊഴിൽ സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. പ്രസ്തുത അപേക്ഷ പരാമർശം (2) പ്രകാരം സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ

പരിശോധിച്ച് സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും നായിക് വൈശാഖ് എസ് ന്റെ മരണം, 23.12.2022 ന് വടക്കൻ സിക്കിമിൽ ഓപ്പറേഷൻ Snow Leopard ന് ഇടയിൽ ALS (മിലട്ടറി വാഹനം) മറിഞ്ഞ് സംഭവിച്ചതാണെന്നും മരണം ഫീൽഡ് ഏരിയയിൽ വച്ച് സംഭവിച്ചതാണെന്ന് ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ സീനിയർ റെക്കോർഡ്സ് ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണെന്നും തൊഴിൽ സഹായം സംബന്ധിച്ച ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നായിക് വൈശാഖ് എസ് ന്റെ ഭാര്യ ശ്രീമതി ഗീത ആർ ന് സംസ്ഥാന സർക്കാർ സർവ്വീസിൽ തൊഴിൽ സഹായം ലഭിക്കുന്നതിന് അർഹതയുള്ളതാണെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഈ വിഷയം പരിശോധിച്ചു തൊഴിൽ സഹായം നൽകുന്നതിന് അനിവാര്യ രേഖയായ, ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം നായിക് വൈശാഖ് എസ് ന്റെ മരണം, 23.12.2022 ന് വടക്കൻ സിക്കിമിൽ ഓപ്പറേഷൻ Snow Leopard ന് ഇടയിൽ ALS (മിലട്ടറി വാഹനം) മറിഞ്ഞതിനെ തുടർന്നാണ് സംഭവിച്ചിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടിയാന്റെ ഭാര്യ ശ്രീമതി ഗീത ആർ ന്റെ ജനന തീയതി 12.05.1994 ആണെന്നും ടിയാന് ക്ലർക്ക് തസ്തികയിൽ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യതയുള്ളതാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

5. ഈ സാഹചര്യത്തിൽ 23.12.2022 ന് നോർത്ത് സിക്കിമിൽ ഓപ്പറേഷൻ Snow Leopard ന് ഇടയിൽ ALS (മിലിട്ടറി വാഹനം) മറിഞ്ഞുണ്ടായ അപകടത്തിൽ മരണപ്പെട്ട വൈശാഖ് എസ്. ന്റെ ഭാര്യ ശ്രീമതി. ഗീത ആർ, അരിമ്പ്രാത്തൊടി ഹൗസ്, കൊട്ടേക്കാട് പി.ഒ., പാലക്കാട്-678732-ന് 29.04.2002 ലെ സ.ഉ(പി)110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, പാലക്കാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ, തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. പാലക്കാട് ജില്ലയിൽ ക്ലർക്കിന്റെ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്-

1. ശ്രീമതി ഗീത ആർ, അരിമ്പ്രാത്തൊടി ഹൗസ്, കൊട്ടേക്കാട് പി.ഒ, മലമ്പുഴ വില്ലേജ്, പാലക്കാട്- 678 571. (രജിസ്റ്റേർഡ് തപാലിൽ അക്നോളജ്മെന്റ് സഹിതം)

2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
6. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Jenshar

Date: 22-11-2023 14:53:53

സെക്ഷൻ ഓഫീസർ